# സൃഷ്ടികളുടെ അടിമത്തം കുറിക്കുന്ന പേരുകൾ ഹറാമാണ്

അല്ലാഹുﷻ പറഞ്ഞു: .

﴿ فَلَمَّآ ءَاتَىٰهُمَا صَٰلِحًا جَعَلَا لَهُۥ شُرَكَآءَ فِيمَآ ءَاتَىٰهُمَا ۚ فَتَعَٰلَى ٱللَّهُ عَمَّا يُشْرِكُونَ ﴾

(അങ്ങനെ അവൻ (അല്ലാഹു) അവർക്കൊരു നല്ല സന്താനത്തെ നൽകിയപ്പോൾ അവർക്കവൻ നൽകിയതിൽ അവർ അവന് പങ്കുകാരെ ഏർപ്പെടുത്തി. എന്നാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു ഉന്നതനായിരിക്കുന്നു.) (വി.ഖു. 7: 190)

ഇമാം ഇബ്നു ഹസം പറഞ്ഞു: അബ്ദു അംറ്, അബ്ദുൽ കഅ്ബ തുടങ്ങിയതുപോലുള്ള അല്ലാഹു അല്ലാത്തവരുടെ അടിമയാണ് എന്നറിയിക്കുന്ന എല്ലാ പേരുകളും ഹറാമാക്കിയിരിക്കുന്നു എന്നതിൽ അവർ (പണ്ഡിതന്മാർ) ഏകോപിച്ചിരിക്കുന്നു. 'അബ്ദുൽ മുത്ത്വലിബ്' എന്ന പേര് ഒഴിച്ച്.

(അഅ്റാഫ് 190ാം) ആയത്തിനെക്കുറിച്ച് ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: ആദം അവരെ (ഹവ്വയെ) പ്രാപിച്ചപ്പോൾ അവർ ഗർഭം ധരിച്ചു. അപ്പോൾ അവരുടെ അടുത്ത് ഇബ്ലീസ് ചെന്നുകൊണ്ട് പറഞ്ഞു. ഞാൻ നിങ്ങളെ രണ്ടുപേരേയും സ്വർഗ്ഗത്തിൽനിന്നും പുറത്താക്കിയ വക്താവാണ്. നിങ്ങൾ എന്നെ അനുസരിക്കുകതന്നെ വേണം ഇല്ലെങ്കിൽ ഞാൻ അതിന് (ഗർഭസ്ഥശിശുവിന്) മാനിന്റെ രണ്ട് കൊമ്പുകൾ നല്കും. നിന്റെ വയറ്റിൽ നിന്നും പുറത്തുവരുമ്പോൾ അത് നിന്റെ വയറ് പിളർക്കും. ഇബ്ലീസ് അവരെ പലതും ചെയ്യുമെന്ന് ഭയപ്പെടുത്തി കൊണ്ടിരുന്നു. നിങ്ങൾ രണ്ടുപേരും അവന് 'അബ്ദുൽ ഹാരിഥ്' എന്ന് പേരിടുക. അവർ രണ്ട് പേരും അവനെ അനുസരിക്കുവാൻ വിസമ്മതിച്ചു. അപ്പോൾ കുട്ടി മയ്യിത്തായി പുറത്തുവന്നു. വീണ്ടും അവർ ഗർഭിണിയായി. പിശാച് വീണ്ടും അവരുടെ അടുത്ത് വന്ന് മുമ്പത്തേത് പോലെ സംസാരിച്ചു. അവർ രണ്ടുപേരും അവനെ അനുസരിക്കുവാൻ വിസമ്മതിച്ചു. അപ്പോഴും കുട്ടി മയ്യിത്തായി പുറത്തുവന്നു. വീണ്ടും അവർ ഗർഭിണിയായി. പിശാച് വീണ്ടും അവരുടെ അടുത്ത് വന്ന് സംസാരിച്ചു. കുട്ടിയോടുള്ള സ്നേഹം അവരെ പിടികൂടുകയും അവർ ആ കുട്ടിക്ക് 'അബ്ദുൽ ഹാരിഥ്' എന്ന് പേരിടുകയും ചെയ്തു. അതത്രെ അല്ലാഹുﷻയുടെ

വചനം: (...അവർക്കവൻ നൽകിയതിൽ അവർ അവന് പങ്കുകാരെ ഏർപ്പെടുത്തി...)[1]

ക്വതാദﷺവിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അവന് അനുസരണത്തിലുള്ള പങ്കാളികളാക്കി. ശിർക്ക് ആരാധന നല്കുന്ന തിലായിരുന്നില്ല. (ഇബ്നു അബീ ഹാതിം)

(നീ ഞങ്ങൾക്ക് നല്ലസന്താനത്തെ തന്നാൽ) എന്ന അല്ലാഹുﷻ യുടെ വചനത്തിന് ഇമാം മുജാഹിദ്ﷺ പറഞ്ഞു: ''അവർ രണ്ടുപേരും (ജനിക്കുന്നകുട്ടി) മനുഷ്യനാവുകയില്ലേ എന്ന് ഭയപ്പെട്ടു.''

ഇമാം ഹസൻﷺവിൽനിന്നും സഈദ്ﷺവിൽനിന്നും മറ്റും ഈ ആശയം പറയപ്പെട്ടിട്ടുണ്ട്.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അല്ലാഹുﷻ അല്ലാത്തവരുടെ അടിമയാണ് എന്നറിയിക്കുന്ന മുഴുവൻ പേരുകളും ഹറാമാണ്.
- അഅ്റാഫ് 190ാം ആയത്തിന്റെ തഫ്സീർ.
- ഈ ശിർക്ക് വന്നത് കേവലം പേര് വെക്കലിൽ മാത്രമാണ്. അതിന്റെ യാഥാർത്ഥ്യം ഉദ്ദേശിക്കപ്പെട്ടിട്ടില്ല.
- അല്ലാഹുﷻ ഒരാൾക്ക് മികവൊത്തൊരു പെൺകുട്ടിയെ ദാനമായി നൽകൽ അവന്റെ അനുഗ്രഹത്തിൽ പെട്ടതാണ്.
- അനുസരണത്തിൽ വരുന്ന 'ശിർക്കും' ഇബാദത്തിൽ വരുന്ന 'ശിർക്കും' തമ്മിലെ വ്യത്യാസം സലഫുകൾ ഉണർത്തിയത്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

---

[1] തഫ്സീറു ഇബ്നി അബീ ഹാതിം. (ഈ 'അഥർ' ദുർബലമാണെന്ന് ഇമാം ഇബ്നു കഥീറും അൽബാനിയും രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല അല്ലാഹുﷻയുടെ (...അവർക്കവൻ നൽകിയതിൽ അവർ അവന് പങ്കുകാരെ ഏർപ്പെടുത്തി...) എന്ന വചനത്തിൽ പരാമർശിക്കപ്പെടുന്ന പങ്കുചേർത്തവർ ആദം സന്തതികളിലെ മുശ്രിക്കുകൾ ആണ്. ആദമോ ഹവ്വയോ അല്ല. വിവ:)